*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

198th Issue - Volume 5, No. 32 **ജാഗ്രത** 19th August 2011


" ഞാൻ എന്റെ പിതാവിന്റെ പ്രവർത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ടാ. എന്നാൽ, ഞാൻ അവ ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിലും ആ പ്രവർത്തികളിൽ വിശ്വസിക്കുവിൻ. അപ്പോൾ പിതാവ് എന്നിലും ഞാൻ പിതാവിലും ആണെന്നു നിങ്ങൾ അറിയുകയും ആ അറിവിൽ നില നില്ക്കുകയും ചെയ്യും ."

(യോഹന്നാൻ 10–37; 39)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil




## പ്രധാന വാർത്തകൾ

ലോകയുവജനദിനത്തിൽ പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവ സമൂഹങ്ങളെക്കുറിച്ചുള്ള പ്രദർശനം

ഇന്ത്യയിൽ നിന്നും 1732 യുവജനങ്ങൾ ലോകയുവജനദിനത്തിൽ പങ്കെടുക്കും.

ഒറീസയിലെ കണ്ഡമാലിൽ നിന്നും മാഡ്രിഡിലെ ലോകയുവജനദിനത്തിലേക്ക്

സ്മോൾ ഈസ് ബ്യൂട്ടിഫുൾ (Small is beautiful) ഗ്രന്ഥകർത്താവിന്റെ ജന്മശതാബ്ധി.

ഉന്നത വിദ്യാഭ്യാസം രാജ്യപുരോഗതിക്ക് അടിസ്ഥാനം: മാർ ജോർജ് പുന്നക്കോട്ടിൽ

ലത്തീൻ സമുദായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടണം: ആർച്ച്ബിഷപ്പ് ഡോ. എം.സൂസാപാക്യം

സേവനമാണ് പ്രേഷിത പ്രവർത്തനം: മാർ ആൻഡ്രൂസ് താഴത്ത്

ആത്മീയതയിൽ അടിയുറച്ചുനിന്നു കൊണ്ടേ രാഷ്ട്രത്തിനു മുന്നോട്ടു പോകാൻ കഴിയൂ: മാർ പോളി കണ്ണൂക്കാടൻ

സ്വന്തം ഇഷ്ടം സമൂഹത്തിൽ സ്വാർഥതയായി മാറുന്നു: മാർ റാഫേൽ തട്ടിൽ

ഭവനം സ്വർഗമാക്കാൻ എല്ലാവർക്കും കടമയുണ്ട്: ബിഷപ് ഡോ. ജോസഫ് കാരിക്കശേരി

സുവിശേഷ പ്രചാരണം ക്രൈസ്തവന്റെ കടമ: മാർ ജോസഫ് കല്ലറങ്ങാട്ട്

തലമുറകൾക്കു വിശ്വാസപൈതൃകം പകരാൻ ക്രൈസ്തവനു കടമ: മാർ ജോസഫ് പെരുന്തോട്ടം

മെറിറ്റ് പ്രകാരം മാനേജ്മെന്റുകൾ പ്രവേശനം നല്കും: മാർ ജോസഫ് പവ്വത്തിൽ

ചരിത്ര ജാഗ്രത

ഫാ.ക്ലെമന്റ് പിയാനിയസ്

ജാഗ്രതാ വാർത്ത

വിദ്യാഭ്യാസ പരിഷ്കാരങ്ങൾ വിലയിരുത്തുമ്പോൾ

വാരാന്ത്യവീക്ഷണം

എയ്ഡഡ് വിദ്യാലയങ്ങൾ; വിസ്മരിക്കപ്പെടുന്ന യാഥാർത്ഥ്യങ്ങൾ

## ലോകയുവജനദിനത്തിൽ പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവ സമൂഹങ്ങളെക്കുറിച്ചുള്ള പ്രദർശനം

ലോകയുവജനദിനത്തിൽ പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവ സമൂഹങ്ങളെക്കുറിച്ചുള്ള പ്രദർശനവും ക്രമീകരിച്ചിരിക്കുന്നു. പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവ സമൂഹങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാനും അവരുടെ ജീവിതസാഹചര്യത്തിൽ നിന്നും പ്രചോദനം സ്വീകരിക്കാനുമായിട്ടാണ് ഈ പ്രദർശനം ആസൂത്രണം ചെയ്തിരിക്കുന്നത്

സ്വതന്ത്രമായി തങ്ങളുടെ മതവിശ്വാസത്തിൽ ജീവിക്കാൻ കഴിയാത്ത സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ച് പല യുവജനങ്ങൾക്കും അറിവുപകരുന്നതാണ് പ്രദർശനം. ഇത് പലർക്കും ആശ്ചര്യം ഉളവാക്കുന്നു എന്ന് പ്രദർശനം സംഘടിപ്പിച്ചിരിക്കുന്ന എയ്ഡ് റ്റു ചർച്ച് ഇൻ നീഡ്(Aid to church in need) വക്താക്കൾ പറഞ്ഞു.

ഇക്കഴിഞ്ഞ 50 വർഷക്കാലത്തെ പ്രധാനപ്പെട്ട 15 രക്തസാക്ഷികളുടെ ചരിത്രമാണ് പ്രദർശനത്തിൽ കാണാൻ കഴിയുന്നത്. ലോകത്തിന്റെ തന്നെ ശ്രദ്ധ കവർന്ന മതപീഡനങ്ങളാണ് ചിത്രപ്രദർശനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാക്കിസ്ഥാനിലും, ഇന്ത്യയിലെ ഒറീസയിലും അൾജീരിയയിലെ റ്റിബിറ്റെൻ ആശ്രമത്തിലും നടന്ന അക്രമങ്ങളുടെ ചിത്രങ്ങൾ ഇവിടെ കാണാം. നൈജീരിയ, ചൈന, സുഡാൻ, ക്യൂബ, ഇറാഖ് എന്നീ രാജ്യങ്ങളിലെ പീഡനങ്ങളുടെ വിവരണവും പ്രദർശനത്തിലുണ്ട്.

## ഇന്ത്യയിൽ നിന്നും 1732 യുവജനങ്ങൾ ലോകയുവജനദിനത്തിൽ പങ്കെടുക്കും.

ഏതാണ്ട് ഇരുപതുലക്ഷം പേരെ പ്രതീക്ഷിക്കുന്ന ലോകയുവജനദിനത്തിൽ ഇന്ത്യയിൽ നിന്നും 1732 യുവജനങ്ങൾ പങ്കെടുക്കും. മുംബൈയിൽ നിന്നും യാത്ര തിരിക്കുന്ന ഇവർ റോമും ലൂർദ്ദും സന്ദർശിക്കും. യാത്രക്കുള്ള അവസാന വട്ട തയ്യാറെടുപ്പിലാണ് ഈ യുവ ജനങ്ങൾ.

യുവജനദിനത്തിൽ പങ്കെടുക്കാൻ കത്തോലിക്കാ യുവജനങ്ങൾ വളരെ ഏറെ ആവേശം കാണിക്കുന്നുണ്ടെന്നു കണക്കുകൾ കാണിക്കുന്നു. ഇറ്റലിയിൽ നിന്നും 86000 പേരും സ്പെയിനിൽ നിന്ന് 82000 പേരും പാക്കിസ്ഥാനിൽനിന്നും 3474പേരും സിറിയയിൽ നിന്നും 636 പേരും ചൈനയിൽ നിന്ന് 328 പേരും ഈജിപ്തിൽ നിന്ന് 451 പേരും ലിബിയയിൽ നിന്നും 60 പേരും സമ്മേളനത്തിൽ പങ്കെടുക്കും.

## ഒറീസയിലെ കണ്ഡമാലിൽ നിന്നും മാഡ്രിഡിലെ ലോകയുവജനദിനത്തിലേക്ക്

2008 ഓഗസ്റ്റു മാസത്തിൽ ക്രൈസ്തവർ ക്രൂരമായി പീഡിപ്പിക്കപ്പെട്ട ഒറീസയിലെ കണ്ഡമാലിൽ നിന്നും ഒരു വൈദികനും ഒരു യുവതിയായ അദ്ധ്യാപികയും മാഡ്രിഡിൽ നടക്കുന്ന ലോകയുവ ജനദിനത്തിൽ പങ്കെടുക്കുന്നു. മൗസമികുമാർ എന്ന വനിതാ ടീച്ചർ കുംഭാർഖുംപ ഇടവകാംഗമാണ്. ഫാ റബീന്ദ്ര റാണാസിംഗ് എന്ന വൈദികനും. കണ്ഡമാലിൽ നിന്നും ഏതാണ്ട് ഇരുപതു ലക്ഷം യുവജനങ്ങൾ ലോകത്തിന്റെ എല്ലാഭാഗത്തു നിന്നും എത്തിച്ചേർന്നിരിക്കുന്ന മഹാസമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

യുവജന ദിനത്തിൽ പങ്കെടുക്കാൻ കഴിയുന്നത് വലിയൊരനുഗ്രഹമാണ്. ഈ യാത്രക്ക് എന്നെ സഹായിച്ച മാതാപിതാക്കൾക്കും സഭയ്ക്കും നന്ദി. മാർപ്പാപ്പയെ നേരിട്ടു കണ്ടു സംസാരിക്കാൻ അവസരം ലഭിച്ചാൽ ഞാൻ കണ്ഡമാലിലെ ജനങ്ങളുടെ ആശംസപറയും. യുവജനങ്ങളുമായി കണ്ഡമാലിലെ ജനങ്ങളുടെ വിശ്വാസ തീഷ്ണത ഞാൻ പങ്കുവയ്ക്കും. മൗസമി പറഞ്ഞു.

## സ്മോൾ ഈസ് ബ്യൂട്ടിഫുൾ (Small is beautiful) ഗ്രന്ഥകർത്താവിന്റെ ജന്മശതാബ്ധി.

ചെറുതാണു ചേതോഹരം (Small is beautiful) എന്ന പ്രശസ്തമായ ഗ്രന്ഥത്തിന്റെ കർത്താവും ലോകപ്രശസ്ത സാമ്പത്തികശാസ്ത്ര വിദഗ്ധനുമായ ഇ.എഫ്. ഷുമാഹർ(1911–77) ന്റെ ജന്മശതാബ്ധി ഓഗസ്റ്റ് 16ന് ആരംഭിച്ചു. കത്തോലിക്കാ സഭയിൽ ചേർന്ന ഷുമാഹർ ഭീമാകാരങ്ങളോടുള്ള ആമുഖ്യത്തെ ചെറിയവയുടെ ഭംഗികൊണ്ടു നേരിടുകയായിരുന്നു. പ്രിൻസിപ്പൽ ഓഫ് സബ്സിഡിയാരിറ്റി എപ്പോഴും ഉയർത്തിപ്പിടിച്ച അദ്ദേഹം കുടുംബങ്ങളുടെ മഹത്വത്തെയും മുറുകെപ്പിടിച്ചു.

ലിയോ 13-മൻ മാർപ്പാപ്പയുടെയും പതിനൊന്നാം പീയൂസ് മാർപ്പാപ്പയുടെയും സാമൂഹ്യ പ്രബോധനങ്ങൾ ഷുമാഹറിനെ ഏറെ സ്വാധീനിച്ചു വെന്ന് അദ്ദേഹം തന്നെ വ്യക്തമാക്കുന്നുണ്ട്. സഭയുടെ സാമൂഹ്യ പ്രബോധനങ്ങൾ പഠന വിഷയമാക്കു ന്നതിനുള്ള പരിശ്രമങ്ങൾ വ്യാപകമായിക്കൊ ണ്ടിരിക്കുന്ന ഇക്കാലത്ത് ഷുമാഹറിന്റെ കൃതികൾ തീർച്ചയായും കൂടുതൽ വിലയിരുത്തപ്പെടുകയും ആഗിരണം ചെയ്യപ്പെടുകയും വേണം.

പി.എൻ

## ഉന്നത വിദ്യാഭ്യാസം രാജ്യപുരോഗതിക്ക് അടിസ്ഥാനം: മാർ ജോർജ് പുന്നക്കോട്ടിൽ



ഉന്നത നിലവാരമുള്ള വിദ്യാഭ്യാസമാണ് രാജ്യപുരോഗതിക്ക് അടിസ്ഥാനമെന്ന് ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ. മൂവാറ്റുപുഴ നിർമല കോളജിനോടനുബന്ധിച്ച് നിർമിച്ച എംസിഎ ബ്ലോക്ക് ആശീർവദിച്ച ശേഷം പ്രസംഗിക്കുകയായിരുന്നു ബിഷപ്. കുട്ടികൾക്ക് നല്ല പരിശീലനം

നൽകേണ്ടത് അത്യാവശ്യമാണ്. ഇതിനായുള്ള കോഴ്സുകൾ സംസ്ഥാനത്ത് ഇന്നുണ്ട്. നല്ല ജോലി ലഭിക്കാൻ ഉന്നത വിദ്യാഭ്യാസം ആവശ്യമാണ്. ഉന്നത ജോലികൾക്ക് കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ടെന്നും ബിഷപ് കൂട്ടിച്ചേർത്തു.

**ലത്തീൻ സമുദായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടണം:**
**ആർച്ച് ബിഷപ് ഡോ. എം.സൂസാപാക്യം**



ലത്തീൻ സമുദായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടണമെങ്കിൽ ശരിയായ അൽമായ നേതൃത്വം വളർന്നു വരണമെന്ന് തിരുവനന്തപുരം ലത്തീൻ അതി രൂപതാ ആർച്ച് ബിഷപ് ഡോ. എം.സൂസാപാക്യം അഭിപ്രായപ്പെട്ടു. പോങ്ങുംമൂട് സെന്റ് മേരീസ് ദേവാലയ ത്തിന്റെ ഒരു വർഷം നീണ്ടു നിൽക്കുന്ന സുവർണ ജൂബിലി ആഘോഷങ്ങളുടെ ലോഗോ പ്രകാശനം ചെയ്തശേഷം ഇടവക ബി.സി.സി. നേതൃത്വവുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലത്തീൻ കത്തോലിക്കാ സമുദായം ഇന്നും വിദ്യാഭ്യാസ- സാമൂഹ്യ- സാമ്പത്തിക മേഖലകളിലാകെ വളരെ പിന്നിലാണ്. എന്നാൽ അതനുസരിച്ചുള്ള പരിഗണനയും ആനുകൂല്യങ്ങളും ഇന്നും സമുദായാംഗങ്ങൾക്ക് ലഭ്യമാകുന്നില്ല. സമുദായത്തിന്റെ യഥാർഥ അവസ്ഥ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവരാനും അതുനേടിയെടുക്കാനും കഴിയുന്ന തരത്തിൽ അൽമായ നേതൃത്വം വളരേണ്ടതു ണ്ടെന്നും ആർച്ച് ബിഷപ് പറഞ്ഞു. ഇടവക വികാരി ഫാ. വിൽഫ്രഡ് അധ്യക്ഷത വഹിച്ചു. ഇടവക മധ്യസ്ഥയായ സ്വർഗാരോപിതമാതാവിന്റെ തിരുനാൾ ദിവ്യബലിക്ക് ബിഷപ് സൂസപാക്യം മുഖ്യകാർമികത്വം വഹിച്ചു. അതിരൂപതയിലെ നിരവധി പുരോഹിതരും പങ്കെടുത്തു. ദിവ്യബലിയോട നുബന്ധിച്ച് കുട്ടികളുടെ ആദ്യകുർബാന സ്ഥൈര്യലേപന സ്വീകരണ പരിപാടികളും ഉണ്ടായിരുന്നു.

**സേവനമാണ് പ്രേഷിത പ്രവർത്തനം:**
**മാർ ആൻഡ്രൂസ് താഴത്ത്**



അർഹിക്കുന്നവർക്ക് സഹായവും സേവനവും സ്നേഹവും നൽകുന്നതിലൂടെയാണ് യഥാർത്ഥ പ്രേഷിത പ്രവർത്തനം നടക്കുന്നതെന്ന് ആർച്ചു ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. ലൂർദ് കത്തീഡ്രലിൽ പ്രേഷിതവർഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കെസിബിസി പ്രസിഡന്റു കൂടിയായ അദ്ദേഹം. സീറോ മലബാർ സഭയുടെ കൂരിയ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ അധ്യക്ഷനായി.

**ആത്മീയതയിൽ അടിയുറച്ചുനിന്നുകൊണ്ടേ രാഷ്ട്രത്തിനു മുന്നോട്ടുപോകാൻ കഴിയൂ:**
**മാർ പോളി കണ്ണൂക്കാടൻ**



ആത്മീയതയിൽ അടിയുറച്ചു നിന്നു കൊണ്ടുമാത്രമേ രാഷ്ട്രത്തിനു മുന്നോട്ടു പോകാൻ കഴിയൂവെന്ന് ഇരിങ്ങാലക്കുട ബിഷപ് ഉദ്ബോധിപ്പിച്ചു. സ്വയം ഒന്നുംചെയ്യാൻ കഴിവില്ലാത്ത അഗതികളെ ശുശ്രൂഷിക്കുന്ന കൂടപ്പുഴ അനുഗ്രഹസദന്റെ ആറാം വാർഷികവും സ്വാതന്ത്ര്യ ദിനാഘോഷവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുക യായിരുന്നു അദ്ദേഹം. രാഷ്ട്രത്തിന്റെ മറ്റുള്ള പുരോഗതി യേക്കാളും ഐക്യം ഉറപ്പിക്കാൻ ആത്മീയമായ സാംസ്കാരിക പുരോഗതിയാണ് ആവശ്യമെന്നും ആക്രമ രാഹിത്യത്തിലൂടെ സ്വാതന്ത്ര്യം നേടികൊണ്ട് ആത്മീയ മൂല്യങ്ങൾ ലോകത്തെ പഠിപ്പിച്ച വലിയ ചൈതന്യമാണ് ഭാരതത്തിന്റേതെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ആത്മീയതയുടെ വലിയ പ്രകടനാണ് നിർമല ദാസി സന്യാസിനി സമൂഹം ഇവിടെ നടത്തുന്ന സേവനങ്ങളെന്ന് ബിഷപ് ചൂണ്ടിക്കാട്ടി.

**സ്വന്തം ഇഷ്ടം സമൂഹത്തിൽ സ്വാർഥതയായി മാറുന്നു:**
**മാർ റാഫേൽ തട്ടിൽ**



നമ്മുടെ സമൂഹത്തിൽ സമ്പത്ത് കൂടുന്തോറും മനുഷ്യന്റെ സ്വന്തം ഇഷ്ടം സ്വാർഥതയായി മാറുകയാണെന്ന് തൃശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ. ഔദാര്യമായി കൊടുക്കാനുള്ള നല്ല മനസ് കാണിക്കുന്ന വർക്ക് ദൈവം അനുഗ്രഹങ്ങൾ ചൊരിയും -അദ്ദേഹം ചൂടണ്ടിക്കാട്ടി. കാഞ്ഞാണി സെന്റ് തോമസ് പള്ളിയിലെ സാന്തോം മതബോധന മിനി ഹാളിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മാർ തട്ടിൽ. നിങ്ങളുടെ ഔദാര്യം നാടിന്റെ നന്മയ്ക്ക് കാരണമാകും. നാടിന്റെ വളർച്ചയ്ക്കും നന്മയ്ക്കും പങ്കാളിത്ത സ്വാഭവത്തിൽ സംഭാവന നൽകാൻ കടമയുണ്ട്. അദ്ദേഹം ഓർമിപ്പിച്ചു. ഈശോയ്ക്ക് ഇഷ്ടമുള്ള വരാകാൻ കുട്ടികളെ അദ്ദേഹം ആഹ്വാനം ചെയ്തു.

**ഭവനം സ്വർഗമാക്കാൻ എല്ലാവർക്കും കടമയുണ്ട്:**
**ബിഷപ് ഡോ. ജോസഫ് കാരിക്കശേരി**



സ്നേഹത്തിലൂടെയും പങ്കുവയ്ക്കലിലൂടെയും വീടിനെ സ്വർഗമാക്കാനുള്ള കടമ ഓരോരുത്തർക്കു മുണ്ടെന്നു കോട്ടപ്പുറം ബിഷപ് ഡോ. ജോസഫ് കാരിക്കശേരി ഓർമിപ്പിച്ചു. തുരുത്തിപ്പുറം ഫാ. വർഗീസ് താണിയത്ത്

ചാരിറ്റബിൾ ട്രസ്റ്റ് നിർമിച്ചു നൽകുന്ന 50 വീടുകളുടെ താക്കോൽദാനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സാമൂഹ്യ സേവന രംഗത്തെ താണിയത്ത് ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ ശ്ളാഘനീയമാണ്. മദ്യത്തിനും ധൂർത്തിനുമെതിരെയുള്ള പോരാട്ടത്തിൽ ഒരോ വ്യക്തിയും പങ്കുചേരണമെന്നും ബിഷപ് കൂട്ടിച്ചേർത്തു. താക്കോൽദാന ചടങ്ങ് കെ.പി. ധനപാലൻ എംപി ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്ത് സർക്കാർ പല ഭവനപദ്ധതികളും നടപ്പാക്കുന്നുണ്ടെങ്കിലും തുച്ഛമായ തുകമാത്രമാകും അതിനായി ലഭിക്കുക. എന്നാൽ താണിയത്ത് ട്രസ്റ്റിന്റെ ഭവനപദ്ധതികൾ അധിക സാമ്പത്തിക ബാധ്യതക്ക് ഇടയാക്കുന്നില്ല എന്നത് ആശ്വാസകരമാണെന്ന് അദ്ദേഹം പറഞ്ഞു.

## സുവിശേഷ പ്രചാരണം ക്രൈസ്തവന്റെ കടമ: മാർ ജോസഫ് കല്ലറങ്ങാട്ട്



സുവിശേഷപ്രചാരണം ഓരോ ക്രൈസ്തവന്റെയും കടമയാണെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. സീറോമലബാർ സഭ പ്രേഷിത വർഷാചരണത്തിന്റെ പാലാ രൂപതാതല ഉദ്ഘാടനം കത്തീഡ്രലിൽ നിർവഹിച്ച് സന്ദേശം നൽകുകയായി രുന്നു മാർ കല്ലറങ്ങാട്ട്. പ്രേഷിത അവബോധം ജനിപ്പിക്കുക, ദൈവവിളി വർധിപ്പിക്കുക എന്നിവയാണ് പ്രേഷിത വർഷാചരണത്തിന്റെ ലക്ഷ്യം. ലോകത്തിന്റെ അതിരുകൾ മാത്രമാണ് സുവിശേഷ വത്കരണത്തിൽ ഏക പരിധി. ആത്മീയ മന്ദത മാറ്റി പ്രേഷിത പ്രവർത്തനം നടത്തണമെന്നും ദൈവവിളിയെ പ്രോത്സാഹിപ്പിക്ക ണമെന്നും മാർ കല്ലറങ്ങാട്ട് പറഞ്ഞു.

## തലമുറകൾക്കു വിശ്വാസപൈതൃകം പകരാൻ ക്രൈസ്തവനു കടമ: മാർ ജോസഫ് പെരുന്തോട്ടം



പൂർവ പിതാക്കന്മാർ പകർന്നുനൽകിയ വിശ്വാസ പൈതൃകം തലമുറകൾക്കു കൈമാറാൻ വിശ്വാസി സമൂഹത്തിന് കടമയുണ്ടെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. 1887ൽ നിർമിച്ച സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയുടെ ശതോത്തര രജതജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. പാപത്തിന്റെ അടിമത്തത്തിൽനിന്നും നാം സ്വാതന്ത്ര്യം നേടണമെന്നു പ്രേഷിതപ്രവർത്തനം ക്രൈസ്തവൻ മുഖമുദ്രയാക്കണമെന്നും ആർച്ച്ബിഷപ് ഉദ്ബോ ധിപ്പിച്ചു. സൺഡേ സ്കൂൾ മുഖ്യ അധ്യാപ കർക്ക് തിരികൾ തെളിച്ചു നൽകി പ്രേഷിതവർഷാചരണ ത്തിന്റെ ഉദ്ഘാടനവും ആർച്ച്ബിഷപ് നിർവഹിച്ചു.

## മെറിറ്റ് പ്രകാരം മാനേജ്മെന്റുകൾ പ്രവേശനം നല്കും: മാർ ജോസഫ് പവ്വത്തിൽ



മെറിറ്റ് പ്രകാരം വിദ്യാർഥികളെപ്രവേശിപ്പിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും കോളജുകൾക്കാണുള്ളതെന്ന നിയമവും അതംഗീകരിച്ച ഹൈക്കോടതിയുടെ വിധിതീർപ്പും കണക്കിലെടുത്തു ക്രൈസ്തവ സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രവേശനം അതതു കോളജുകളായിരി ക്കും ഇനി നടത്തുകയെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. മെറിറ്റനുസരിച്ചു വിദ്യാർഥികളെ പ്രവേശിപ്പിക്കേണ്ടത് അതതു കോളജുകളാണ്. അതിനെ മറികടന്നു ഏർപ്പെടുത്തിയ ഏകജാലക സമ്പ്രദായം സങ്കീർണവും മാസങ്ങൾ നീണ്ടുനില്ക്കുന്നതും സുതാര്യതയില്ലാത്തതുമാണ്. ഈ സമ്പ്രദായമനുസരിച്ചു പല വിദ്യാർഥികൾക്കും വിദൂര കോളജുകളിലാണു പ്രവേശനം കിട്ടുന്നത്. തങ്ങളെക്കാൾ മാർക്കു കുറഞ്ഞവർക്കു തങ്ങൾക്കു മുമ്പേ പ്രവേശനം കിട്ടുന്നത് എന്തുകൊണ്ടെന്നു വിദ്യാർഥി കളോടു വിശദീകരിക്കാൻ കഴിയാതെ വരുകയും ചെയ്യുന്നു. അധ്യയനമാസങ്ങൾ നഷ്ടപ്പെടുന്നതും സങ്കീർണവും അവ്യക്തവും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെ ബാധിക്കുന്നതുമായ ഈ നിലപാട് ഉപേക്ഷിക്കാൻ യൂണിവേഴ്സിറ്റി തയാറാകണം. വിദ്യാർഥികൾ മറ്റു സംസ്ഥാനങ്ങളിലേക്കു വ്യാപകമായി കുടിയേറാൻ ഈ നീക്കം ഇടയാക്കും. കേവലം പത്തുദിവസങ്ങൾകൊണ്ടു പൂർത്തിയാകുന്നതും വിദ്യാർഥികൾക്ക് എപ്പോഴും പരിശോധിക്കാവുന്നതും സർവകലാശാലകളുടെ പരിശോധനയ്ക്കു എപ്പോഴും വിധേയവുമായ കോളജുകൾ തന്നെ വിദ്യാർഥികളെ പ്രവേശിപ്പിക്കുന്ന സമ്പ്രദായമാണു ഉചിതം. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും അതുവഴി കലാലയങ്ങളെ വളർത്തു ന്നതിനും ഇതുതന്നെയാണു പ്രയോജനപ്രദം. അതു വിസ്മരിച്ചു സർവകലാശാലകൾ കോളജുകളുടെ അവകാശങ്ങൾ കവരുന്നതും വിദ്യാഭ്യാസത്തിന്റെ മേന്മ നശിപ്പിക്കുന്നതും ഖേദകരമാണ്.- മാർ പവ്വത്തിൽ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

## ചരിത്ര ജാഗ്രത

### ഫാ.ക്ലെമന്റ് പിയാനിയസ്

ക്ലെമന്റ് പാതിരി ഇറ്റലിയിലെ പീദ്മോണ്ട് എന്ന സ്ഥലത്ത് 1731 ഏപ്രിൽ മാസം 7-ാം തീയതി ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം 1749-ൽ നിഷ്പാദുക കർമ്മലീത്താ സഭയിൽ അംഗമായി. 1755 -ൽ പുരോഹിതനായി. പിന്നീട് റോമിൽ വിദ്യാഭ്യാസം തുടർന്നു. വിവിധ ഭാഷാഭ്യസനവും മതപഠനവും പൂർത്തിയാക്കിയ ക്ലമന്റ് പാതിരി 1757-ൽ കേരളത്തിലെത്തി. വരാപ്പുഴ കേന്ദ്രമാക്കി മിഷനറി പ്രവർത്തനങ്ങൾ നടത്തി.

കേരളത്തിലെത്തിയതു മുതൽ തന്നെ നാട്ടുഭാഷകൾ പഠിക്കാനുള്ള ശ്രമം തുടങ്ങി. മിഷനറിമാർക്ക് പില്ക്കാലത്ത് ഭാഷാപഠനത്തിന് മാർഗ്ഗദർശനം നല്കിയ അക്ഷരമാല, വ്യാകരണം, നിഘണ്ടു തുടങ്ങിയ അടിസ്ഥാന ഗ്രന്ഥങ്ങളുടെ രചനയിൽ മുഴുകി പതിനൊന്നുവർഷം കഴിച്ചു. അക്കാലത്ത് പ്രൊപ്പഗാന്താതിരുസംഘത്തിന്റെ നിർദ്ദേശം അനുസരിച്ച് റോമിൽ സ്ഥാപിച്ച ബഹുഭാഷാ മുദ്രാലയത്തിന്റെ (polygot Press) പ്രവർത്തന ങ്ങളിൽ ഭാഗഭാക്കാകുന്നതിന് റോമിലേക്കുപോയി. അഞ്ചുവർഷം റോമിൽ കഴിഞ്ഞു. അദ്ദേഹത്തിന്റെ പ്രധാനകൃതികളായ സംക്ഷേപവേദാർത്ഥം ആൽഫബെറ്റം ഗ്രന്ധൊനിക്കൊ മലബാറിക്കം ( Alphabetum Grindonico) എന്നീ മലയാള ഗ്രന്ഥങ്ങളും റോമിൽ ബഹുഭാഷാ മുദ്രാലയ ത്തിൽ അടിച്ചു. ഈ പുസ്തകങ്ങളുടെ കുറെ കോപ്പികളുമായി കേരളത്തിൽ തിരിച്ചെത്തി. പ്രധാന കേന്ദ്രങ്ങളിലെല്ലാം അവ വിതരണം ചെയ്തു. വിദേശിയരും കേരളീയരും ഒന്നുപോലെ അദ്ദേഹത്തിന്റെ മലയാളഭാഷാ പ്രേമത്തെ പ്രശംസിച്ചു. വരാപ്പുഴ ബിഷപ്പിന്റെ വികാരി ജനറലായി സേവനം അനുഷ്ഠിച്ചു വരവേ 1782- ൽ ക്ലമന്റുപാതിരി നിര്യാതനായി.

അക്കാലത്ത് തിരുവിതാംകൂർ ഭരിച്ചിരുന്ന കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവു( 1758-1798) മായി ക്ലമന്റ് പാതിരി സുഹൃത്ബന്ധം പുലർത്തിയിരുന്നതായി അറിയുന്നു. 1774-ൽ പൗലീനോസ് പാതിരി മാർപ്പാപ്പ കൊടുത്തയച്ച സന്ദേശവുമായി മഹാരാജാവിനെ കാണുമ്പോൾ ക്ലമന്റു പാതിരിയും ഒപ്പം ഉണ്ടായിരുന്നു എന്നാണറിവ്. ഈ സന്ദേശത്തിന്റെ പകർപ്പ് ഫാദർ ബർണാഡിന്റെ മാർത്തോമ്മാ കിസ്ത്യാനികൾ രണ്ടാം പുസ്തകം 189-ാം പക്ഷത്തിൽ കാണാം.

സംക്ഷേപവേദാർത്ഥത്തെപ്പറ്റി വീണ്ടും

ചതുരവടിവിൽ ഭംഗിയായി റോമായിൽ അച്ചടിച്ചിട്ടുള്ള ആ പുസ്തകത്തിന്റെ പ്രതികൾ ഇപ്പോൾ വളരെ അപൂർവമായേ കണ്ടു കിട്ടുന്നുള്ളു. ഈ ലിപികളുടെ മാതൃക കണ്ടാണ് ബെയിലി സായിപ്പ് പിന്നെയും അരശതാബ്ദത്തോളം കാലം കഴിഞ്ഞ് കോട്ടയം സി.എം.എസ്. മിദ്രാലയത്തിലേയ്ക്ക് അച്ചുകൾ വാർത്തുണ്ടാക്കിയത്. ബെയിലിയുടെ മേൽനോട്ടത്തിൽ പ്രസിദ്ധപ്പെടുത്തിയ പുതിയ നിയമത്തിലെ ഭാഷയെ അപേക്ഷിച്ചു സംക്ഷേപവേദാർത്ഥത്തിലെ ഭാഷ നന്നായിട്ടുണ്ട്. അക്കാലത്തു സർക്കാരെഴുത്തുകൾ പോലും നാടോടി ഭാഷയിലായിരുന്നു എന്ന് ഓർമ്മിക്കുമ്പോൾ സംക്ഷേപവേദാർത്ഥത്തിലെ ഭാഷാരീതി ശ്ലാഘാവഹമാണെന്നു പറയേണ്ടതുണ്ട്.

കേരള സാഹിത്യചരിത്രം- ഉള്ളൂർ മൂന്നും നാലും ഭാഗങ്ങൾ പുറം 637.(1955 June)

## ജാഗ്രതാ വാർത്ത

### വിദ്യാഭ്യാസ പരിഷ്കാരങ്ങൾ വിലയിരുത്തുമ്പോൾ

ഫാ. ജെയിംസ് ചെല്ലങ്കോട്ട്

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ മുഖഛായ മാറ്റുന്നതിനുള്ള കർമപദ്ധതികൾ മന്ത്രിസഭ അംഗീകരിച്ചു. ഈ കർമപദ്ധതികൾക്കു 2 ലക്ഷ്യങ്ങ ളാണുള്ളത്. 1. വിദ്യാഭ്യാസ സ്ഥാപനത്തിന്റ കാര്യക്ഷമത വർധിപ്പിക്കുക. 2. സംതൃപ്തമായ അധ്യാപകസമൂഹം കെട്ടിപ്പടുക്കുക. ഈ ലക്ഷ്യ സാക്ഷാത്കാരത്തിനായി മാനേജ്മെന്റുകളുമായും അധ്യാപക പ്രതിനിധികളുമായും ചർച്ചയ്ക്കു സർക്കാർ സന്നദ്ധമാകുന്നുവെന്നതു ശ്ലാഘ നീയമാണ്. പുതിയ പരിഷ്കാരങ്ങളിൽ മാനേജ് മെന്റിന്റെ അധികാരത്തെ പരിമിതപ്പെടുത്തുന്നതും ന്യൂനപക്ഷാവ കാശങ്ങളെ അവഗണിക്കുന്നതുമായ ചില അപകടകരമായ സാധ്യതകളുണ്ട്. ഈ പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. 1. ശമ്പള മില്ലാതെ ജോലി ചെയ്യുന്ന 2,920 എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമനത്തിനു നടപ്പുവർഷം മുതലാണ് അംഗീകാരം നൽകുന്നത്. മുൻവർഷങ്ങളിൽ ശമ്പളമില്ലാതെ ജോലി ചെയ്ത കാലഘട്ടത്തെ ഗവൺമെന്റ് അവഗണിച്ചിരിക്കുന്നു. അഡീഷണൽ ഡിവിഷനു കളിൽ പുതിയ തസ്തികകളിൽ ജോലി ചെയ്തിരുന്ന അധ്യാപകരെ സിംഗിൾ മാനേജ് മെന്റുകൾ അതതു സ്കൂളിലെ ഇതരവേക്കൻസികളി ലേക്കും കോർപറേറ്റ് മാനേജ്മെന്റുകൾ ആ മാനേജ്മെന്റിലെ മറ്റു സ്കൂളുകളിൽ ലഭ്യമായ വേക്കൻസികളിലേക്കും മാറ്റി നിയമിച്ചിട്ടുണ്ട്. നടപ്പുവർഷം മുതൽ മാത്രം നിയമനാംഗീ കാരം നൽകുമ്പോൾ 2006 മുതലുള്ള നിയമന നിരോധന കാലഘട്ടത്തിൽ ജോലി ചെയ്ത അധ്യാപകരുടെ വേതന ത്തെക്കുറിച്ച് ഗവൺമെന്റ് നിശബ്ദമാകുന്നു. അൺ ഇക്കണോമിക് സ്കൂളു കളിലും പുതുതായി ആരംഭിച്ചതും / അപ് ഗ്രേഡ് ചെയ്യപ്പെട്ടതുമായ സ്കൂളുകളിലും നിയമ നാംഗീകാരം ലഭിക്കാതെ വർഷങ്ങളായി ജോലിചെയ്യുന്ന അധ്യാപകരും സമാനമായ പ്രശ്നം നേരിടുന്നവരാണ്.2. 1996 മുതൽ 2011 വരെ ജോലി നഷ്ടപ്പെട്ട 4,500 അധ്യാപകരെ വിന്യസിക്കാൻ കോർപറേറ്റ് മാനേജ്മെന്റ് സ്കൂളുകളെയും ഉൾപ്പെടുത്തുന്ന തീരുമാനമാണു മന്ത്രിസഭയുടേത്. 1996 മുതൽ 2011 വരെ തസ്തിക നഷ്ടപ്പെട്ട അധ്യാപകരെ കോർപറേറ്റ് മാനേജ്മെന്റുകൾ തങ്ങളുടെ സ്കൂളുകളിൽ ഇതര തസ്തികകളിൽ സംരക്ഷിച്ചു. വീണ്ടും മറ്റു മാനേജു മെന്റുകളിൽ നിന്ന് തസ്തിക നഷ്ടപ്പെട്ട 4,500 അധ്യാപ കരിൽ നിന്നു സംരക്ഷിക്കണമെന്ന നിർദേശം പുനഃപരി ശോധിക്കേണ്ടതാണ്. 1996 മുതൽ 2011 വരെ

കോർപറേറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ നഷ്ടമായ തസ്തികകളുടെയും സംരക്ഷിക്കപ്പെട്ട അധ്യാപകരുടെയും കണക്കെടുപ്പു കൂടി നടത്തിയാലെ ഈ പഠനം സമഗ്രവും നീതിപൂർവക വുമാവുകയുള്ളൂ. കോർപറേറ്റ് മാനേജ്മെന്റുകളുടെ കീഴിൽ വരുന്ന എല്ലാ സ്കൂളുകളെയും ചേർത്ത് ഒറ്റ യൂണിറ്റായി പരിഗണിക്കാനാണ് തീരുമാനം. പ്രൊട്ടക്റ്റഡ് ടീച്ചറെ നിയമിക്കുന്ന കാര്യത്തിൽ ഓരോ സ്കൂളിനെയും വെവ്വേറെ യൂണിറ്റായി കാണുന്നു. കോർപറേറ്റ് വിദ്യാഭ്യാസ ഏജൻസി കളിലെ സ്കൂളുകളിൽനിന്നു തസ്തിക നഷ്ടപ്പെട്ട് അധ്യാപകർ പുറത്തുപോകുമ്പോൾ ഒറ്റ യൂണിറ്റായി കണക്കാക്കണമെന്ന നിലപാടിലെ വൈരുധ്യം പരിഹരിക്ക പ്പെടേണ്ടതുണ്ട്. 3. കുട്ടികളുടെ അനുപാതം കുറച്ചതു കാര്യക്ഷമമായ അധ്യാ പനത്തിനും അധ്യയനത്തിനും ഉപകരിക്കും. കുട്ടികളുടെ എണ്ണം കുറഞ്ഞാലും ഡിവിഷനും തസ്തികകളും നഷ്ടപ്പെടില്ലെന്ന് ആശ്വസിക്കാം. നിലവിലുള്ള അധ്യാപകരുടെ ജോലിസ്ഥിരതയ്ക്ക് ഈ നിർദേശം ഗുണകരമാകും. എന്നാൽ, അഞ്ചാം ക്ലാസു വരെ 1:30, 6 മുതൽ 10 വരെ 1:35 കുട്ടികൾ എന്ന പുതിയ അനുപാതം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പുതിയ തസ്തികകൾക്ക് അഗീകാരം നൽകുന്നില്ല. കുട്ടികളുടെ എണ്ണം കൂടുന്ന സ്കൂളുകളെ ഈ തീരുമാനം ദോഷകരമായി ബാധിക്കും. ഈ നിർദേശം മൈനോറിറ്റി സ്കൂളുകളുടെ ന്യൂനപക്ഷാവകാശത്തിന്മേലുള്ള അധിനിവേശമാണ്. അനുപാതം കുറയുന്നതു വഴിയുണ്ടാകുന്ന പുതിയ തസ്തികകളിലെ നിയമനത്തിന്റെ കാര്യത്തിൽ വ്യക്തതയില്ല. നിശ്ചിത അധ്യാപക തസ്തികകൾ കഴിഞ്ഞു ലഭിക്കുന്ന പുതിയ തസ്തികകൾ ഗവൺമെന്റിന് എന്ന ധ്വനിയും ഈ തീരുമാനത്തിലുണ്ട്. ഇതു ന്യൂനപക്ഷ അവകാശത്തെ ഹനിക്കുന്നതാണ്. 4. നിലവിലുള്ള സ്പെഷലിസ്റ്റ് അധ്യാപകരുടെ തസ്തികകൾ എടുത്തു മാറ്റുന്നതും കേന്ദ്രീകൃത നിയമന സംവിധാനമൊരുക്കുന്നതും മാനേജ്മെന്റുകളുടെ അധികാര അവകാശങ്ങളിൻമേലുള്ള കടന്നുകയറ്റമാണ്. ഒരു സ്കൂളിൽ മാനേജ്മെന്റ് നിയമിച്ചവരും ഗവൺമെന്റ് നിയമിച്ചവരുമായ രണ്ടുതരം സ്റ്റാഫ് ഉള്ളത് മാനേജ്മെന്റിനു സ്വീകാര്യമായ നിലപാടല്ല. ഈ നിർദേശവും ന്യൂനപക്ഷങ്ങൾക്കു സ്വീകാര്യമായ നിലപാടല്ല. ഭാവിയിൽ സ്പെഷലിസ്റ്റ് അധ്യാപകരെ ഗവൺമെന്റ് നേരിട്ടു സ്കൂളുകളിലേക്കു ക്രമീകരിക്കുന്ന നിലപാട് മാനേജ്മെന്റിനു സ്വീകാര്യമാകില്ല. 5. ടീച്ചേഴ്സ് ബാങ്ക് എന്ന ആശയം അപൂർണമാണ്. പഴയ പ്രൊട്ടക്ടഡ് ടീച്ചേഴ്സ് ലിസ്റ്റ് പുതിയ വേഷവിധാനങ്ങളോടെ ടീച്ചേഴ്സ് ബാങ്കായി മാറുന്നു. ടീച്ചേഴ്സ് ബാങ്കിലുള്ള 10,503 അധ്യാപകരെ പുനർവിന്യസിക്കുന്നതോടെ ഈ ബാങ്ക് ക്ലോസ് ചെയ്തില്ലെങ്കിൽ കാലാകാലങ്ങളിൽ ഈ ബാങ്കിൽനിന്ന് അഞ്ചു പേരിൽ ഒരാളെ നിയമിക്കണമെന്ന വ്യവസ്ഥയുണ്ടാകും. ഒരു താത്കാലിക സംവിധാനമെന്ന നിലയിൽ സ്വീകാര്യമാണെങ്കിലും ഈ അധ്യയന വർഷത്തിനപ്പുറത്തേക്ക് ടീച്ചേഴ്സ്ബാങ്കിൽനിന്നുള്ള നിയമനങ്ങൾ നടത്തേണ്ടിവന്നാൽ അതു മാനേജുമെന്റിന്റെ അധികാര അവകാശങ്ങളിലേക്കുള്ള കടന്നുകയറ്റമായിരിക്കും. മാനേജുമെന്റുകളുടെ അധികാരം അഞ്ചുപേരിൽ ഒരാളെ നിയമിക്കേണ്ടതിലേക്കു പരിമിതപ്പെടുമ്പോൾ നിയമനാവകാശം ഗുമസ്തപ്പണിയാക്കി ചുരുക്കുന്നു. ന്യൂനപക്ഷ സ്ഥാപനങ്ങളെ സംബന്ധിച്ചടത്തോളം ഭരണഘടനാദത്തമായ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനും ഭരണ നിർവഹണം നടത്താനുമുളള മാനേജ്മെന്റുകളുടെ അവകാശങ്ങളെ തിരസ്കരിക്കുന്ന നിലപാടാണിത്. സ്കൂൾ ആരംഭിക്കാനും ഭരണനിർവഹണം നടത്താനുമുള്ള അവകാശം ന്യൂനപക്ഷ സ്ഥാപനങ്ങൾക്കു ലഭിക്കുമ്പോൾ അധ്യാപകരെ നിയമിക്കാൻ മാത്രമല്ല നിശ്ചിത യോഗ്യതയുള്ളവരിൽനിന്നു തെരഞ്ഞെടുത്തു നിയമിക്കാനുള്ള അവകാശവും അന്തർലീനമാണ്. 6. 2011 –12, 2012 –13 വർഷങ്ങളിൽ ഉണ്ടാകുന്ന അധ്യാപകരുടെ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകളിൽ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അധ്യാപകരെയും പ്രൊട്ടക്ടഡ് ടീച്ചേഴ്സിനെയും നിയമിക്കണമെന്നു നിർദേശിക്കുന്നു. 2011–12 അധ്യയനവർഷത്തിലേക്കുള്ള ഒഴിവുകളിൽ ജൂൺ ഒന്നാം തീയതി തന്നെ മാനേജർമാർ നിയമനം നടത്തി. ഇനി വേക്കൻസികളുണ്ടാകുക പുതിയ അനുപാത ക്രമീകരണം വഴിയാകും. തത്ഫലമായി ഉണ്ടാകുന്ന ഡിവിഷനുകൾ നടത്താൻ ഭൂരിപക്ഷം സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങളില്ല എന്നുള്ളതാണു സത്യം. മുൻ ഗവൺമെന്റിന്റെ കാലത്ത് 1:1 എന്ന ക്രമപ്രകാരം പ്രൊട്ടക്റ്റഡ് അധ്യാപകനെ പുതിയ തസ്തികകളിൽ നിയമിക്കണമെന്ന നിബന്ധനയാണുണ്ടായിരുന്നത്. എന്നാൽ പുതിയ ഗവൺമെന്റിന്റെ തീരുമാനമനുസരിച്ചു പുതിയ മുഴുവൻ തസ്തികകളും മാനേജ്മെന്റിന് നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഈ നിലപാടിൽ വ്യക്തതയും കൃത്യതയും നീതിപൂർവമായ തീരുമാനങ്ങളും ഗവൺമെന്റ് സ്വീകരിക്കേണ്ടിയിരിക്കുന്നു. 7. ഈ അക്കാദമിക് വർഷത്തിൽ നിയമിതരായവരെ ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിക്കുമെന്നത് സ്വീകാര്യമായ നിലപാടല്ല. നിയമനത്തിനുള്ള പ്രായപരിധിയിലെത്തി നിൽക്കുന്ന ഈ വർഷം നിയമിതരായ അധ്യാപകർക്ക് ഈ നിയമം വഴി അംഗീകാരം ലഭിക്കില്ല. കൂടാതെ അധ്യയന േവർഷത്തിന്റെ ആരംഭം മുതൽ ശമ്പളസ്കെയിലിൽ

ജോലി ചെയ്ത അധ്യാപകരുടെ നിയമനം അംഗീകരിക്കാതിരിക്കുന്നത് കെ.ഇ.ആർ ചട്ടങ്ങൾക്കു വിരുദ്ധമാണ്. ഈ വർഷം നിയമിതരായവർക്ക് 2013-14 അക്കാദമിക് വർഷത്തിൽ മാത്രമേ നിയമനാഗീകാരം ലഭിക്കുകയുള്ളൂ എന്നതാണ് മന്ത്രിസഭയുടെ തീരുമാനം. ഈ തീരുമാനം വരുന്ന മൂന്നു വർഷങ്ങളിലേക്ക് കേരളത്തിലങ്ങോളമിങ്ങോളം ആയിരക്കണക്കിന് അധ്യാപകരെ ദുരിതത്തി ലാഴ്ത്തും. 8. സ്കൂളുകളിലെ ഹ്രസ്വകാല ഒഴിവുകളിൽ ടീച്ചേഴ്സ് ബാങ്കിൽനിന്ന് നിയമനം നടത്തണമെന്ന നിർദേശം പ്രായോഗികമല്ല. ഹ്രസ്വകാല ഒഴിവുകളിൽ ജോലിചെയ്യാൻ പലരും വിമുഖത കാണിക്കുന്നുണ്ട്. നിലവിലുള്ള പ്രൊട്ടക്റ്റഡ് ടീച്ചേഴ്സിന്റെ ലിസ്റ്റിൽ നിന്ന് നിയമിക്ക പ്പെട്ടവർ പോലും മാസങ്ങളും വർഷങ്ങളും കഴിഞ്ഞിട്ടും അവരുടെ മാതൃസ്കൂളുകളിൽ നിന്ന് പുതിയ സ്കൂളിലേക്ക് ജോലി ചെയ്യാൻ സന്നദ്ധ രായിട്ടില്ല. സ്കൂളിൽ അധ്യാപകർ ലീവെടുക്കുമ്പോൾ ടീച്ചേഴ്സ് ബാങ്കിലുള്ള വ്യക്തികൾക്ക് ഓർഡർ അയച്ച് ജോയിൻ ചെയ്യാൻ വരുന്ന കാലതാമസം കുട്ടികളുടെ അധ്യയനത്തെ സാരമായി ബാധിക്കും. ഹ്രസ്വകാല ഒഴിവുകളിൽ നിയമത്തിന്റെ നൂലാമാല കളില്ലാതെ നിയമനം നടത്തി അധ്യാപനവും അധ്യയനവും സുഖമമാക്കാൻ വേണ്ട ക്രമീകരണ ങ്ങൾ ചെയ്യണം. 9. തലയെണ്ണൽ എന്ന പ്രഹസനം ഒഴിവാക്കിയത് സ്വീകാര്യമായ തീരുമാന മാണ്. എകീകൃത തിരിച്ചറിയൽ നമ്പർ സംവിധാനത്തോടെ കുട്ടികളുടെ വിദ്യാഭ്യാസ വളർച്ചയെ അപഗ്രഥി ക്കുവാൻ സംവിധാനമൊരുക്കണം. 10. എയിഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകൃത തസ്തിക കളിൽ മാത്രമേ നടത്താവൂ എന്നും, പ്രതീക്ഷിക്കുന്ന ഒഴിവുകളിൽ മുൻകൂർ നിയമനം പാടില്ലെന്നും നിർദേശിക്കുമ്പോൾ തസ്തികകൾ അംഗീകരിക്കാൻ വിദ്യാഭ്യാസ ഓഫീസിൽ നിന്നു വരുന്ന കാലതാമസം പരിഹരിക്കാൻ പുതിയ നിർദേശമൊന്നും കാണു ന്നില്ല. നിലവിൽ പുതിയ തസ്തികകൾ അംഗീകരിച്ച് ഫിക്സേഷൻ ഓർഡറുകൾ ഇറങ്ങുമ്പോൾ അധ്യയന വർഷത്തിന്റെ സമാപനമാകും. അതുവരെ വിദ്യാർഥികൾക്ക് അധ്യാപകരില്ലാത്ത ദുരിതകാല മായിരിക്കുമോ ഇനി വരിക? എയിഡഡ് സ്കൂളു കളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് പിഎസ്സി മാതൃകയിലുള്ള വിജ്ഞാപനത്തിനായുള്ള കാത്തിരിപ്പിനു സമയപരിധി നിശ്ചയിക്കുന്നതു ഗുണപ്രദമാകും. റിപ്പോർട്ട് ചെയ്തു നിയമനം നട ത്താൻ അനുവാദം നല്കുന്നതാണ് അഭികാമ്യം. ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നും നോട്ടി ഫിക്കേഷൻ കാത്തിരിക്കണമെന്നുമുള്ള നിർദേശം സാവകാശം മാനേജ്മെന്റുകളുടെ അധികാരം പരിമിതപ്പെടുത്താനുള്ള പ്രാരംഭപരിശ്രമമായി മാനേജ്മെന്റുകൾ സംശയിക്കുന്നു. 11. എൽ.പി, യു.പി, സ്കൂളുകളിൽ യഥാക്രമം 100, 150 കുട്ടികളിൽ കൂടുതലുണ്ടെങ്കിൽ ഒരു പ്രധാനാധ്യാപക തസ്തിക അനുവദിക്കുന്നതു സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഉതകുന്നതാണ്. സ്കൂളിന്റെ ദൈനംദിന ഭരണത്തിൽ ചുമതല വഹിക്കേണ്ട പ്രധാന അധ്യാപകർ അധ്യയന വർഷത്തിന്റെ പ്രധാന ഭാഗവും ഓഫീസുകളിൽ കയറിയിറങ്ങിയും മീറ്റിംഗുകളിൽ പങ്കെടുത്തും ചെലവഴിക്കേണ്ടി വരുന്നു. അധ്യാപക രുടെ ശമ്പളബില്ലുകൾ ഒപ്പിടാനുള്ള അധികാരം പ്രധാനാധ്യാപകർക്കു നൽകുന്നതു വഴി ഈ പ്രശ്നത്തിനു കുറച്ചു പരിഹാരമെങ്കിലും ലഭിക്കും.

12. നിലവിലുള്ള അധ്യാപക പരിശീലന പരിപാടി കൾ കാലോചിതമായി പരിഷ്കരിക്കേണ്ടിയി രിക്കുന്നു. നിലവിലുള്ള സംരക്ഷിത അധ്യാപകരിൽ നിന്ന് ചിലരെ പരിശീലന പരിപാടിയുടെ ചുമതലയിലേക്കു മാറ്റുമ്പോൾ കാര്യക്ഷമത ഉറപ്പുവരുത്തണം. 13. അധ്യാപകർ വിദ്യാർഥികളെ വിലയിരുത്തുമ്പോൾ അധ്യാപകരും വിലയിരുത്തലി നു വിധേയമാകേണ്ടതുണ്ട്. ഡിപ്പാർട്ട്മെൻറ്, മാനേജ്മെന്റ്, പ്രധാനാധ്യാപകർ, സഹപ്രവർത്തകർ, വിദ്യാർഥികൾ, പൊതുസമൂഹം എന്നിവരുടെയെല്ലാം സമഗ്രമായ ഒരു വിലയിരുത്തൽ അധ്യാപകരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനു സഹായകമാകും. ജില്ലാതലത്തിൽ രൂപീകരിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റിയിൽ മാനേജ്മെന്റിന് വ്യക്തമായ പ്രാതിനിധ്യം ഉണ്ടാകണം. 14. അധ്യാപക നിയമനങ്ങൾക്ക് ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (ടി.ഇ.ടി.) നിർബന്ധ മാക്കുന്നതുകൊണ്ട് ടീച്ചേഴ്സ് ബാങ്ക് എന്ന സംവിധാനം തുടരേണ്ടതില്ല. ടി.ഇ.ടി. യോഗ്യതയുള്ള വരിൽനിന്ന് തെരഞ്ഞെടുത്തു നിയമിക്കാൻ മാനേജ്മെന്റുകൾക്കു സ്വാതന്ത്ര്യം നല്കണം. 15. മലബാറിൽ 2010-11 വർഷത്തിൽ അനുവദിച്ച പുതിയ ഹയർസെക്കൻഡറി സ്കൂളുകളിലെ തസ്തിക നിർണയത്തെക്കുറിച്ചും അധ്യാപക നിയമനത്തെ ക്കുറിച്ചും ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല. ഗവൺമെന്റ് സ്കൂളുകളിലെ പുതിയ ഹയർ സെക്കൻഡറികളിൽ തസ്തിക നിർണയത്തിന് അനുവാദം നല്കിയപ്പോൾ എയ്ഡഡ് സ്കൂളുകളെ അവഗണിച്ചു. തസ്തിക നിർണയം അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത് സ്കൂളുകളുടെ പ്രവർത്തനത്തെ തളർത്തുന്നതാണ്. മാനേജ്മെന്റു കളുമായി ക്രിയാത്മകമായ ചർച്ചയിലൂടെ വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാ വുന്നതേയുള്ളൂ. സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന നിർദേശങ്ങളും തീരുമാനങ്ങളും കോടതി വ്യവഹാരങ്ങളിലേക്കു നീളുന്നതു വിദ്യാഭ്യാസ മേഖലയെ വീണ്ടും അനിശ്ചിതാവസ്ഥയിലാക്കും.

## എയ്ഡഡ് വിദ്യാലയങ്ങൾ; വിസ്മരിക്കപ്പെടുന്ന യാഥാർത്ഥ്യങ്ങൾ

കേരളത്തിലെ വിദ്യാഭ്യാസസാമൂഹ്യ വളർച്ചയ്ക്ക് ഏറ്റവും നിർണ്ണായകമായ സംഭാവനകൾ നല്കിയിരിക്കുന്നത് ഇവിടത്തെ മതസമുദായ ങ്ങളാണ്. ഈ സാമുദായിക സംഭാവനകളെ മറന്ന് തങ്ങളുടെ രാഷ്ട്രീയ നിലപാടുകളാണ് ഈ വളർച്ചയ്ക്കു കാരണമെന്നു പ്രചരിപ്പിക്കുന്ന രാഷ്ട്രീയ കക്ഷികളുണ്ട്. ഈ രാഷ്ട്രീയ കക്ഷികൾ നടത്തുന്ന പ്രചരണത്തിൽ യാഥാർത്ഥ്യങ്ങൾ മറച്ചുവെയ്ക്കപ്പെടുന്നതായും കാണുന്നു. അതുകൊണ്ട് തന്നെ നിശിതവും വിശദവുമായ പഠനങ്ങൾ ഈ രംഗത്തുണ്ടാകേണ്ടതുണ്ട്.

മഹാരാജാക്കന്മാർ ആസൂത്രിതവും ഔദ്യോഗികവുമായി വിദ്യാഭ്യാസ രംഗത്തു പ്രവേശിക്കുന്നതിനു മുമ്പു തന്നെ ഇവിടുത്തെ ക്രൈസ്തവ സഭകൾ വിദ്യാഭ്യാസരംഗത്തു പ്രവേശിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽത്തന്നെ മദ്ധ്യതിരുവിതാംകൂരിൽ ഇതിനുവ്യാപകമായ വേദിയൊരുങ്ങി. 1815 ൽ ആരംഭിച്ച സി.എം.എസ് കോളേജിന്റെ തുടക്കം ഇതിനു സാക്ഷ്യമാണ്. 1865 ൽ തിരുവിതാം കൂർ മഹാരാജാവ് വിദ്യാലയങ്ങൾക്ക് സാമ്പത്തിക സഹായം നല്കാൻ ആരംഭിച്ചപ്പോൾ അന്നുണ്ടായി രുന്ന 21 വിദ്യാലയങ്ങളിൽ 17ഉം ക്രൈസ്തവ വിദ്യാലയങ്ങളായിരുന്നുവെന്നാണ് ചരിത്രരേഖകളിൽ കാണാൻ കഴിയുന്നത്.

സ്വകാര്യവിദ്യാലയങ്ങളിൽ പഠിക്കുന്നത് ഇവിടത്തെ പൗരജനത്തിന്റെ കുട്ടികളാണ്. അവർക്കു പഠനസൗകര്യം എവിടെ ആയാലും ഏർപ്പെടുത്താനും സാമ്പത്തികമായി സഹായിക്കാനും സർക്കാരിനു കടമയുണ്ട്. എന്ന നിലപാടിൽ നിന്നാണ് സ്വകാര്യവിദ്യാലയങ്ങളിൽ അദ്ധ്യാപകർക്കുള്ള ശമ്പളം സർക്കാർ നല്കാൻ ആരംഭിച്ചത്. മൂന്നുകാര്യങ്ങൾ അന്ന് മഹാരാജാവ് ആവശ്യപ്പെട്ടിരുന്നു(1) 25 വിദ്യാർത്ഥികളെങ്കിലും വിദ്യാലയങ്ങളിലുണ്ടാകണം. (2)പാഠപുസ്തകം സർക്കാർ അംഗീകരിച്ചതായിരിക്കണം. (3) അദ്ധ്യാപകർക്കു സർക്കാർ നിർദ്ദേശിക്കുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

പിന്നീട് പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവുമാക്കിയപ്പോൾ രണ്ടു വഴികളാണു സർക്കാരിന്റെ മുമ്പിലുണ്ടായിരുന്നത്. ഒന്നുകിൽ കോടിക്കണക്കിനു രൂപമുടക്കി സ്വന്തമായി സ്ഥലവും കെട്ടിടവും ബഞ്ചും ഡസ്ക്കും ലാബും ലൈബ്രറിയും മൊക്കെ ശരിയാക്കി പുതുതായി സർക്കാർ വിദ്യാലയങ്ങൾ ആരംഭിക്കുക. അല്ലെങ്കിൽ നല്ലനിലയിൽ നടത്തപ്പെടുന്ന സമുദായങ്ങൾ നടത്തുന്ന വിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ ശമ്പളം മാത്രം നല്കി സൗജന്യ വിദ്യാഭ്യാസം നല്കുന്നതിന് സജ്ജരാക്കുക. സർക്കാർ രണ്ടാമത്തെ മാർഗ്ഗമാണു സ്വീകരിച്ചത്. ഫലമോ സർക്കാരിനു ചെലവു വളരെക്കുറവ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം എയ്ഡഡ് വിദ്യാലയങ്ങളിലൂടെ എല്ലാവർക്കും ലഭ്യമാക്കി. കേരളത്തിന്റെ പൊതുവിദ്യാഭ്യാസം ഗുണമേന്മ യുള്ളതാക്കി നിലനിർത്തിയത് യഥാർത്ഥത്തിൽ ഈ എയ്ഡഡ് വിദ്യാലയങ്ങളാണ്.

എന്നാൽ ഈ എയ്ഡഡ് വിദ്യാലയങ്ങളെ അദ്ധ്യാപകനിയമനം കൂടി സ്വന്തമാക്കി സർക്കാർ സ്ഥാപനങ്ങളാക്കി മാറ്റാനുള്ള പ്രചരണവും ശ്രമവും നടക്കുന്നുണ്ട്. അത് അനീതിയാണ്. വിദ്യാഭ്യാസ നിലവാരം തകർക്കുന്നതാണ്. ഒപ്പം പൊതു വിദ്യാഭ്യാസത്തെ തകർക്കുന്നതും . മതന്യൂന പക്ഷങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശ ത്തിനുള്ള കടന്നുകയറ്റം കൂടിയാണിത്. ഈ പ്രശ്നങ്ങൾ മനസ്സിലാക്കി ജനാധിപത്യപരമായി തീരുമാനം കൈകൊണ്ടില്ലെങ്കിൽ നമ്മുടെ പൊതു വിദ്യാഭ്യാസം തകരുകയാവും ഫലം.

JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA